**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4657** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വള്ളിക്കുന്ന് മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 അധ്യയന വർഷത്തിൽ സ്കൂൾ/കോളേജ് തല പരിപാടികളുടെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ; | (എ) | 2022-23 അധ്യയന വർഷത്തിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ VPKMHSS പുത്തൂർ, പള്ളിക്കൽ, CBHSS അത്താണിക്കൽ, വള്ളിക്കുന്ന് NNMHSS ചെലേമ്പ്ര, MVHSS അരിയല്ലൂർ, GMHSS കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് എന്നീ സ്കൂളുകളിൽ FDSJ രൂപീകരിച്ചിട്ടുണ്ട്. VPKMHSS പുത്തൂർ, പള്ളിക്കൽ, CBHSS അത്താണിക്കൽ, വള്ളിക്കുന്ന് എന്നീ രണ്ട് സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം സംഘടിപ്പിച്ചിട്ടുണ്ട്.<br><br>NNMHSS ചെലേമ്പ്രയിൽ FDSJ യുടെ കീഴിൽ റിപ്പബ്ലിക്ക് ദിനവുമായി ബന്ധപ്പെട്ട് ഉപന്യാസ മത്സരവും, ദേശഭക്തിഗാനവും, മനുഷ്യാവകാശ ദിനവുമായി ബന്ധപ്പെട്ട് സെമിനാറും, ഭരണഘടനാ ദിനാചരണവുമായി ബന്ധപ്പെട്ട് ക്വിസ് മത്സരവും പ്രസംഗ മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്, കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഏകദിന സെമിനാർ EMEA ആർട്സ് & സയൻസ് കോളേജിൽ നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിപാടികളുടെ ഭാഗമായി വിദ്യാർത്ഥികളിൽ നിന്ന് ലഭിച്ച ആശയങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ; | (ബി) | പരിപാടികളുടെ അന്തിമ റിപ്പോർട്ട് ജില്ലാ-കോഓർഡിനേറ്റർമാരിൽ നിന്നും അധ്യയന വർഷം അവസാനിച്ചതിനു ശേഷം മാത്രമേ ലഭ്യമാക്കുകയുള്ളൂ. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സെമിനാറുകളിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആശയങ്ങൾ ക്രോഡീകരിക്കുന്നതാണ്. |
| (സി) | ഓരോ നിയോജകമണ്ഡലങ്ങളിലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ പ്രവർത്തനങ്ങളുടെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ? | (സി) | ഒരു അധ്യയന വർഷം അവസാനിച്ചതിനു ശേഷം, ആ വർഷം സംസ്ഥാനടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയാണ് ചെയ്യുന്നത്. നിയോജക |

| | | | |
|---|---|---|---|
| | | | മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തന റിപ്പോർട്ട് പ്രസിദ്ധീകരിക്കാറില്ല. |

സെക്ഷൻ ഓഫീസർ